I ഇ.ബി. XV- കേരള നിയമസഭ/V-15

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 21, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹു. സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

42(*421) <u>ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഇ-ജേണൽ കൺസോർഷ്യം, ബ്രെയിൻ ഗെയിൻ, ഡിജികോൾ തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി അദ്ധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ എന്നിവ പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ

കൊണ്ടുവരുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തി Digital Enablement of Higher Education പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സർവ്വകലാശാല/കോളേജ് ലൈബ്രറികളിലെ ഡിജിറ്റൽ റിസോഴ്സസ് പരസ്പരം ബന്ധിപ്പിക്കുന്നതിന് Call Net സംവിധാനമൊരുക്കുമെന്നും 30 ഇന്റർഡിസിപ്ലിനറി റിസർച്ച് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചതിൽ 6 സ്ഥാപനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുണ്ടെന്നും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയും ജീവിതനിലവാരവും മെച്ചപ്പെടുത്താനുതകുംവിധം നവ വൈജ്ഞാനിക മേഖലകളിൽ ഗവേഷണം നടത്തുന്നതിനേർപ്പെടുത്തിയിട്ടുള്ള മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടൽ ഫെലോഷിപ്പിന് 71 യുവ ഗവേഷകരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും 5 വർഷംകൊണ്ട് 500 ഫെലോഷിപ്പുകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സർവ്വകലാശാലകൾ/കോളേജുകളെ വിലയിരുത്തുന്നതിന് ഉന്നതവിദ്യഭ്യാസ കൗൺസിലിനുകീഴിൽ ആരംഭിച്ചിട്ടുള്ള State Assessment and Accreditation Centre (SAAC) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ/ അന്തർദ്ദേശീയ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന്

സഹായകമാണെന്നും NIRF റാങ്കിംഗിൽ കേരളത്തിലെ 4 സർവ്വകലാശാലകളും 17 കോളേജുകളും ആദ്യ 100 സ്ഥാനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും 3 പോളിടെക്നിക്കുകൾക്ക് നാഷണൽ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ടെന്നും പോളിടെക്നിക്കുകളിൽ 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. പരീക്ഷാനടത്തിപ്പിന് ഡിജിറ്റൽ സൗകര്യങ്ങൾ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കരിക്കുലം റിവിഷനുമായി ബന്ധപ്പെട്ട് നിയോഗിച്ച കമ്മീഷനുകളുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉന്നത വിദ്യാഭ്യാസരംഗത്ത് സമഗ്ര പരിഷ്കരണം നടപ്പിലാക്കുമെന്നും കോളേജ് പ്രിൻസിപ്പൽമാരുടെ നിയമന ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും 2500 അദ്ധ്യാപകർക്ക് കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ പരിശീലനം നൽകിയിട്ടുണ്ടെന്നും എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

43(*422) <u>ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, പഴം പച്ചക്കറി സംഭരണ-വിതരണ രംഗത്ത് ഹോർട്ടികോർപ്പ് കാര്യക്ഷമമായി

ഇടപെടുകയും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ടെന്നും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയോജകമണ്ഡലങ്ങളിലും ഗ്രാമശ്രീ ഹോർട്ടി ബസാറുകളും കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് തലത്തിൽ ഗ്രാമശ്രീ സൂപ്പർസ്റ്റാളുകളും ആരംഭിക്കുമെന്നും സഭയെ അറിയിച്ചു. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 300 സംഭരണ കേന്ദ്രങ്ങളും 1208 മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്നും ഹോർട്ടികോർപ്പിന് സംസ്ഥാനത്തുടനീളം നിരവധി സംഭരണ/ഉപസംഭരണ/വിപണന കേന്ദ്രങ്ങളുണ്ടെന്നും VFPCK-യുടെ നേതൃത്വത്തിൽ 289 സ്വാശ്രയകർഷക സമിതികൾ കാർഷികോല്പന്നങ്ങളുടെ വിപണനത്തിൽ സജീവമായി ഇടപെടുന്നുണ്ടെന്നും ഇതിനായി കൂടുതൽ "കൃഷിക്കൂട്ട"ങ്ങളെ സജ്ജമാക്കുമെന്നും വ്യക്തമാക്കി. കേരള സ്റ്റേറ്റ് ഭൂവികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകളും കാസർഗോഡ് ജില്ലയിൽ ഒരു സംഭരണ- വിതരണ കേന്ദ്രവും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. 2022-23 വാർഷിക പദ്ധതിപ്രകാരം ഇടുക്കി ജില്ലയിൽ കോൾഡ് ചെയിൻ

പദ്ധതി നടപ്പിലാക്കുന്നതിന് ഹോർട്ടികോർപ്പിന് അനുമതി നല്കിയിട്ടുണ്ട്. ജില്ലകൾ കേന്ദ്രീകരിച്ച് കൃഷിവകുപ്പിന്റെ 19 സഞ്ചരിക്കുന്ന ശിതീകരണ സംഭരണശാലകളും കാർഷികോല്പന്നങ്ങൾ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിന് മാളയിലാരംഭിച്ച കേന്ദ്രവും അടിയന്തരമായി പ്രവർത്തന സജ്ജമാക്കുമെന്നും നാഷണൽ ബീ കീപ്പിംഗ് ആന്റ് ഹണി മിഷന്റെ ഭാഗമായി സംസ്ഥാനത്ത് 2 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭങ്ങളുടെ പട്ടികയിൽപ്പെടുത്തിയും വിളനാശത്തിന് നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 16 ഇനം കാർഷികവിളകൾക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടെന്നും കർഷകർക്ക് നൽകാനുണ്ടായിരുന്ന 2022 മാർച്ച് 31 വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ടെന്നും വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി വിപണിയിലിടപെടുന്നതിന് 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ചെങ്ങന്നൂർ നിയോജകമണ്ഡലത്തെ സമ്പൂർണ്ണ തരിശുരഹിത മണ്ഡലമാക്കി മാറ്റുന്നതിനാവശ്യമായ സഹായം നൽകുമെന്നും അത്യുല്പാദനശേഷിയുള്ള വിത്തുകളും ഹൈഡ്രോപോണിക്സ് അടക്കമുള്ള സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തിയുള്ള കൃഷിരീതികൾ

നടപ്പിലാക്കുമെന്നും ഹോർട്ടികോർപ്പിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുമെന്നും മറയൂർ ശർക്കരയെന്ന വ്യാജേന നടത്തുന്ന അന്യസംസ്ഥാനശർക്കരയുടെ വിപണനം തടയാൻ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

44(*423) റബ്ബർ കർഷകരുടെ ദുരിതം പരിഹരിക്കാൻ നടപടി

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകി വരുന്നുണ്ടെന്നും റബ്ബറിന്റെ താങ്ങുവില 2021 എപ്രിൽ മുതൽ 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് ഊന്നൽ നൽകുന്നുണ്ടെന്നും റബ്ബർ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനായി വ്യവസായ വകുപ്പിനുകീഴിൽ "കേരള റബ്ബർ ലിമിറ്റഡ്" എന്ന കമ്പനി പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. പ്രകൃതിക്ഷോഭം/മൃഗശല്യംമൂലമുണ്ടാകുന്ന കൃഷി നാശത്തിനുള്ള സഹായധന പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

എന്നിവയിലുൾപ്പെടുത്തി വിളനാശമുണ്ടാകുമ്പോൾ റബ്ബർ കർഷകർക്ക് സഹായം നൽകുന്നുണ്ടെന്നും സ്മാർട്ട് വിള ഇൻഷ്വറസ് പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും കേന്ദ്ര റബ്ബർ ആക്ടുമായി ബന്ധപ്പെട്ട കേരളത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**അടിയന്തര ചോദ്യം**

<u>വാനര വസൂരി പ്രതിരോധ നടപടികൾ</u>

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വാനര വസൂരി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ Outbreak Monitoring Unit-ന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് ആശുപത്രികളിൽ 'റെഡ് ചാനൽ ' രൂപീകരിക്കുകയും ഇത്തരം രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനും ചികിത്സിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പ്രത്യേക സൗകര്യങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആദ്യ കേസ് റിപ്പോർട്ടുചെയ്തയുടൻ സ്റ്റേറ്റ് റാപിഡ് റെസ്പോൺസ് ടീം യോഗം ചേർന്ന് നിരീക്ഷണ/പരിശോധനാ മാനദണ്ഡങ്ങൾ സമർപ്പിക്കുകയും രോഗം സ്ഥിരീകരിച്ചവരുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കി നിരീക്ഷണത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

സാമ്പിളുകൾ പൂനെ, ആലപ്പുഴ എൻ. ഐ. വി ലാബുകളിലയയ്ക്കുകയും സംസ്ഥാനത്തെ ആർ. ടി. പി. സി. ആർ. സൗകര്യമുള്ള 28 ലാബുകളിൽ ആവശ്യമായ കിറ്റുകളെത്തിക്കുകയും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബുകളിൽ വാനര വസൂരി പരിശോധനാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രോഗികളെയും സമ്പർക്കത്തിലുള്ളവരെയും ആശുപത്രികളിലേയ്ക്ക് മാറ്റുന്നതിന് ആംബുലൻസ് സൗകര്യമേർപ്പെടുത്തുകയും ആരോഗ്യപ്രവർത്തകർക്ക് പ്രത്യേക പരിശീലനവും പൊതുജനങ്ങളുടെ ആശങ്കയകറ്റുന്നതിന് ബോധവൽക്കരണ പ്രവർത്തനവും നടത്തുന്നുണ്ടെന്നും സംസ്ഥാനതലത്തിൽ രോഗ നിരീക്ഷണത്തിനായി ഒരു കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കി നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സംസ്ഥാന/ ജില്ലാതല ജന്തുജന്യരോഗ നിയന്ത്രണ കമ്മിറ്റികൾ രൂപീകരിച്ച് രോഗവ്യാപനം തടയുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.